ashiqmuhammed165@gmail.com
ആശിഖ് മുഹമ്മദ്



# ഉത്തരവാദിത്തങ്ങളുടെ ഗൗരവം

عَنْ ابْنِ عُمَرَ رَضِيَ اللهُ عَنْهُ عَنِ النَّبِيِّ ﷺ أَنَّهُ قَالَ: أَلاَ كُلُّكُم رَاعٍ وَكُلُّكُمْ مَسْئُولٌ عَنْ رَعِيَّتِهِ فَالأَمِيرُ الَّذِي عَلَى النَّاسِ رَاعٍ وَهُوَ مَسْئُولٌ عَنْ رَعِيَّتِهِ (مسلم)

**ഇബ്നു ഉമറി(റ)ൽനിന്ന് നിവേദനം. നബി (സ) പറഞ്ഞു: "അറിയുക! നിങ്ങൾ ഓരോരുത്തരും രക്ഷാധികാരികളാണ്. നിങ്ങളുടെ കീഴിലുള്ളവരെ കുറിച്ച് ന്യായം ബോധിപ്പിക്കേണ്ടവരുമാണ്. ജനങ്ങളുടെ നേതാവ് തന്റെ പ്രജകളെക്കുറിച്ച് ഉത്തരവാദിത്തമുള്ളവനാണ്" (സ്വഹീഹു മുസ്‌ലിം).**

മനുഷ്യൻ സ്ഥാനമാനങ്ങൾക്ക് പിന്നാലെ പായുന്ന കാലമാണിത്. നേതൃസ്ഥാനം ഭാരിച്ച ഉത്തരവാദിത്തമാണെന്നും പരലോകത്ത് അതിന്റെ പേരിൽ സർവശക്തനോട് ന്യായം ബോധിപ്പിക്കേണ്ടിവരുമെന്നുള്ളത് ആരും കാര്യമാക്കുന്നില്ല. ഒരു കൂട്ടർ സ്ഥാനമാനങ്ങൾക്ക് പിറകെ നടക്കുമ്പോൾ വേറൊരു കൂട്ടർ തങ്ങളുടെ ഉത്തരവാദിത്തം നിർവഹിക്കാതെ അലംഭാവം കാട്ടുന്നവരാണ്. തന്റെ അനുയായികളോട് നീതി കാട്ടാത്ത ഭരണകർത്താക്കളെയും, സ്വന്തം കുടുംബത്തോടും മക്കളോടുമുള്ള ഉത്തരവാദിത്തം നിർവഹിക്കാത്ത ഗൃഹനാഥന്മാരെയും ധാരാളമായി കാണാമിന്ന്. അത്തരമാളുകളെ ഉത്തരവാദിത്തത്തിന്റെ ഗൗരവം ഓർമപ്പെടുത്തുന്നതാണ് ഈ പ്രവാചക വചനം. ഓരോ വ്യക്തിയും ഉത്തരവാദിത്തത്തെക്കുറിച്ച് അല്ലാഹുവിങ്കൽ ഉത്തരം ബോധിപ്പിക്കേണ്ടി വരുമെന്നാണ് പ്രവാചകൻ (സ) താക്കീത് നൽകുന്നത്. ഭരണകർത്താക്കൾ തങ്ങളുടെ പ്രജകളുടെ കാര്യത്തിൽ ഉത്തരവാദിത്തമുള്ളവരാണ്, ഗൃഹനാഥൻ തന്റെ കുടുംബത്തിന്റെ കാര്യത്തിലും, സ്ത്രീ തന്റെ കുടുംബത്തിലും മക്കളിലും ഉത്തരവാദിത്തമുള്ളവരാണ്, പരിചാരകൻ തന്റെ യജമാനന്റെ സമ്പത്തിനെ കുറിച്ച് ന്യായം ബോധിപ്പിക്കേണ്ടവനാണ്.

നേതൃസ്ഥാനം ആവശ്യപ്പെട്ട് തന്നെ സമീപിക്കുന്നവരെ നബി (സ) പരമാവധി നിരുത്സാഹപ്പെടുത്തിയിരുന്നു. ഒരു കാര്യത്തിൽ നേതൃത്വമാവശ്യപ്പെട്ട് വന്ന അബൂദർറി(റ)നോട് റസൂൽ (സ) പറഞ്ഞു: "അബൂദർറേ, താങ്കൾ ആ കാര്യത്തിൽ അശക്തനാണ്. നേതൃത്വം അല്ലാഹുവിൽ നിന്നുള്ള സൂക്ഷിപ്പു സ്വത്താണ്, തങ്ങളുടെ ബാധ്യത നിർവഹിക്കാത്തവർക്കും, നീതികാണിക്കാത്തവർക്കും നേതൃസ്ഥാനം അന്ത്യനാളിൽ ഖേദവും അപമാനവുമായി ഭവിക്കുന്നതാണ്."

സ്ഥാന മാനങ്ങൾക്ക് വേണ്ടി അത്യാർത്തിപൂണ്ടവർക്ക് അബൂബക്റി(റ)ന്റെ ജീവിതത്തിൽ നിന്ന് ഒരുപാടു പഠിക്കാനുണ്ട്. പ്രഥമ ഖലീഫയായി അധികാരമേറ്റെടുത്ത ശേഷം അദ്ദേഹം ജനങ്ങളെ അഭിമുഖീകരിച്ച് പറഞ്ഞു: "നിങ്ങളുടെ അധികാരം എന്നിൽ അർപ്പിതമായിരിക്കുന്നു, അത് ഞാൻ ഒരിക്കലും ആഗ്രഹിച്ചതല്ല, നിങ്ങളിലാരെങ്കിലും അതേറ്റെടുത്തെങ്കിൽ എന്നാണ് ഞാൻ ഇപ്പോഴും ആഗ്രഹിക്കുന്നത്. ഞാൻ നിങ്ങളിൽ ആരെക്കാളും ഉത്തമനല്ല. അതിനാൽ എന്നെ നിരീക്ഷിക്കുക. ഞാൻ നേരെയാണെങ്കിൽ മാത്രം എന്നെ അനുഗമിക്കുക. വ്യതിചലിച്ചാൽ എന്നെ തിരുത്തുക." ഖലീഫയായതിന് ശേഷവും ഉപജീവനത്തിന് വ്യാപാരത്തിലേർപ്പെട്ട അദ്ദേഹത്തെ സ്വഹാബികൾ വിലക്കുകയും ബൈത്തുൽ മാലിൽ നിന്ന് ഒരു നിശ്ചിത വേതനം ലഭ്യമാക്കി കൊടുക്കുകയുമുണ്ടായി. താൻ ഇതുവരെയായി ശമ്പളയിനത്തിൽ ബൈത്തുൽ മാലിൽ നിന്ന് ആറായിരം വെള്ളി കൈപ്പറ്റിയിട്ടുണ്ടെന്നും അതിനു പകരം തന്റെ ഈ ത്തപ്പനത്തോട്ടം വിറ്റു കിട്ടുന്ന പണം ഖജനാവിൽ തിരിച്ചടക്കണമെന്നും അബൂബക്ർ(റ) മരണസമയത്ത് വസിയ്യത്ത് ചെയ്തിരുന്നു.

ഭരണകർത്താവായും കുടുംബനാഥനായും തന്റെ ഉത്തരവാദിത്തങ്ങൾ നബി(സ) പൂർണമായും നിർവഹിച്ചിരുന്നു. നാഥൻ തന്നിലേൽപ്പിച്ച ഉത്തരവാദിത്തം നേരാംവണ്ണം നിർവഹിച്ചില്ലയോ എന്ന് ഭയന്ന് 'അല്ലാഹുവിന്റെ സന്ദേശം ഞാൻ നിങ്ങൾക്ക് എത്തിച്ച് തന്നില്ലയോ' എന്ന് തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ റസൂൽ (സ) ചോദിക്കുന്നുണ്ട്. നബി(സ) വീട്ടിൽ ചെയ്തിരുന്ന ജോലികളെ കുറിച്ച് ചോദിച്ചപ്പോൾ ആഇശ(റ) പറഞ്ഞു: "അവിടുന്ന് തന്റെ ഭാര്യമാർക്ക് വേണ്ടി ജോലി ചെയ്തുകൊണ്ടിരിക്കെ നമസ്കാര സമയമായാൽ പള്ളിയിലേക്കു പോകും." അലി(റ) ആയിരുന്നു തന്റെ വീട്ടിലേക്കാവശ്യമായ സാധനങ്ങൾ എത്തിച്ചിരുന്നത്. വഴിയിൽ ആരെങ്കിലും സഹായിക്കാൻ തുനിഞ്ഞാൽ സ്നേഹത്തോടെ നിരസിച്ച് അവരോടു പറയും: "കുടുംബനാഥനാണ് ഇതു ചുമക്കാൻ കടപ്പെട്ടവൻ."

നേതൃസ്ഥാനം ഗൗരവമുള്ള ബാധ്യതയാണെങ്കിലും ഒരു സമൂഹത്തിന് നേതൃത്വം കൊടുക്കാൻ ആരും മുന്നോട്ടു വരാത്ത സാഹചര്യമുണ്ടായാൽ അർഹതപ്പെട്ടവർ അതേറ്റെടുക്കൽ നിർബന്ധമാണ്. ഉസ്മാ(റ)ന്റെ മരണത്തിനു ശേഷം ഭരണമേറ്റെടുക്കാൻ അലി(റ), ത്വൽഹ(റ), സുബൈർ(റ) തുടങ്ങിയവരെ മദീനാവാസികൾ സമീപിച്ചെങ്കിലും മൂവരും തയാറായില്ല. ഒടുവിൽ ആവർത്തിച്ചുള്ള നിർബന്ധത്തിനു വഴങ്ങി, ബൈഅത്ത് പള്ളിയിൽ പൊതു ജനങ്ങളുടെ മുമ്പിൽ വെച്ചാവണമെന്ന ഉപാധിയോടെ അലി(റ) ഭരണം ഏറ്റെടുക്കുകയാണുണ്ടായത്. ■